"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വെ പദ്ധതിയ്ക്ക് വേണ്ടിയുള്ള **Standard Operating Procedure (SOP)** കേരള സർവ്വെ മാനുവലിന്റെ ഭാഗമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.**80/2024/RD** തീയതി,തിരുവനന്തപുരം, **07-05-2024**

---

പരാമർശം:-
1. **15.12.2022** ലെ സ.ഉ(സാധാ)നം. **5076/2022**/റവ.
2. **24.01.2023** ലെ സ.ഉ(സാധാ) നം. **399/2023**/റവ.
3. **19.09.2023** ലെ സ.ഉ(സാധാ)നം. **3356/2023**/റവ.
4. സർവ്വെ ഡയറക്ടറുടെ **14.07.2023, 15.04.2024** എന്നീ തീയതികളിലെ **DSLR/3071/2021-B1/Part-2** നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

**1961** ലെ കേരള സർവ്വെ അതിരടയാള നിയമം, **1964** ലെ കേരള സർവ്വെ അതിരടയാള ചട്ടം എന്നിവ പ്രകാരം സർവ്വെ നടത്തുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള കേരള സർവ്വെ മാനുവലിൽ പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടികളാണ് പരാമർശിച്ചിട്ടുള്ളതെന്നും, അതിനൂതനമായ സർവ്വെ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഡിജിറ്റൽ സർവ്വെ പദ്ധതി പ്രകാരമുള്ള ജോലികൾ ഏറ്റവും സുഗമവും കാര്യക്ഷമവുമായ രീതിയിൽ നിർവ്വഹിക്കുന്നതിന് പ്രത്യേകമായി ഒരു **Standard Operating Procedure (SOP)** ആവശ്യമായിരുന്നതിനാൽ ഡിജിറ്റൽ സർവ്വെക്കായുള്ള **Standard Operating Procedure (SOP)** പരാമർശം **(1)** പ്രകാരം അംഗീകരിച്ചും തുടർന്ന് പരാമർശം **(2),(3)** പ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തിയും ഉത്തരവായിരുന്നു.

**2. Standard Operating Procedure (SOP)** പ്രകാരം സർവ്വെ നടത്തുമ്പോൾ ടി പ്രവർത്തനങ്ങൾക്ക് നിയമ പരിരക്ഷ കൂടി ആവശ്യമായ സാഹചര്യത്തിൽ **Standard Operating Procedure (SOP)**, അതിലെ ഭേദഗതികൾ എന്നിവ കേരള സർവ്വെ മാനുവലിന്റെ ഭാഗമാക്കി കൊണ്ട് ഉത്തരവ് നൽകണമെന്ന് പരാമർശം **(4)** പ്രകാരം സർവ്വെ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡിജിറ്റൽ സർവ്വെ പദ്ധതിക്ക് വേണ്ടി പരാമർശം **(1), (2), (3)** പ്രകാരം അംഗീകരിച്ചിട്ടുള്ള **Standard Operating Procedure**

**(SOP)**, അതിലെ ഭേദഗതികൾ എന്നിവ **1961** ലെ കേരള സർവ്വെ അതിരടയാള നിയമം, **1964** ലെ കേരള സർവ്വെ അതിരടയാള ചട്ടം എന്നിവ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള കേരള സർവ്വെ മാനുവലിന്റെ ഭാഗമാക്കി (നാലാം വാല്യം) ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

സർവ്വെ ഡയറക്ടർ, തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇ3/97/2022/റവ)

ഉത്തരവിൻ പ്രകാരം
Signed by
Joshy.k.l
സെക്ഷൻ ഓഫീസർ
Date: 08-05-2024 10:15:13